I/56752/2022

**സംയോജിത ശിശു സംരക്ഷണ പദ്ധതി,കേരള സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക .ജി., IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )**

ഉത്തരവ് നം : DWCD/2337/2022 - ICPS 4

തിരുവനന്തപുരം,
തീയതി. 24-08-2022

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ICPS - ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന് 2022 മാർച്ച് മുതൽ ജൂൺ വരെയുള്ള കെട്ടിട വാടക തുക അനുവദിച്ചുത്തരവാകുന്നു.

പരാമർശം : 1 . ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 09.06.2022 ലെ 390/2022/DCPU/IDK നമ്പർ കത്ത്

2.വനിത ശിശു വികസന വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 05.03.2021 ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകമായ ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൻ്റെ ലഭ്യത രഹിത സാക്ഷ്യപത്രം പരാമർശം (1) പ്രകാരം ലഭ്യമാക്കിയ സാഹചര്യത്തിൽ 2022 - 23 സാമ്പത്തിക വർഷത്തിൽ പ്രതിമാസം 16,820/-രൂപ നിരക്കിൽ കെട്ടിട വാടക അനുവദിക്കേണ്ടതുണ്ട്.

ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരം വാടകയിനത്തിൽ പരമാവധി 15,000/- രൂപ അനുവദിക്കാവുന്നതാണ്. ടി തുകയിൽ അധികരിച്ച് വരുന്ന തുക ജില്ലകൾക്ക് അനുവദിക്കുന്നതിനു പരാമർശം (2) പ്രകാരം എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൻ്റെ പ്രതിമാസ വാടക 16,820/- രൂപയാണ്. മേൽ സാഹചര്യത്തിൽ, ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷ പരിഗണിച്ച്, 2022 മാർച്ച് മുതൽ ജൂൺ വരെ നാല് മാസത്തെ വാടക ആകെ **67,280/- രൂപ (അറുപത്തി ഏഴായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം )** ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അനുവദിച്ചുത്തരവാകുന്നു.

ടി തുക **67,280/- രൂപ (അറുപത്തി ഏഴായിരത്തി ഇരുന്നൂറ്റി എൺപത് രൂപ മാത്രം )** സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL 242 സ്കീമിൻ്റെ വനിത ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI Bank ൻ്റെ 0889104000111737 IFSC.Code.IBKL0000889 എന്ന അക്കൗണ്ടിൽ 04.02 (DCPU Rent for Hiring) കംപോണൻ്റിൽ നിന്നും ഇടുക്കി ജില്ലാ വനിത ശിശു വികസന ആഫീസറുടെ സബ്സിഡറി അക്കൗണ്ടിലെക്ക് അനുവദിക്കേണ്ടതും, വനിത ശിശു വികസന ഓഫീസർ തുക

I/56752/2022

ഇടുക്കി ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ സബ്സിഡറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ അതാത് മാസങ്ങളിൽ വാടകയുടെ രസീത് ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതും, Rs. 67,280/- രൂപയുടെ രസീത്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർ

ജില്ലാ ശിശു സംരക്ഷണ ഓഫീസർ,ഇടുക്കി.

പകർപ്പ് :

1. ജില്ലാ വനിത ശിശു വികസന ആഫീസർ, ഇടുക്കി
2. സൂപ്രണ്ട് A സെക്ഷൻ
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 24-08-2022 15:40:54